ശ്രദ്ധക്ഷണിക്കൽ

## ജലമലിനീകരണത്തിന് പരിഹാരം

ശ്രീ. ബെന്നി ബെഹനാൻ : സർ, കൊച്ചി നഗരസഭയിലും പരിസര പ്രദേശങ്ങളിലും അനുഭവപ്പെടുന്ന ജലമലിനീകരണവും അതുമൂലമുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങളും ഒരിക്കൽകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയിട്ടാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിന് പ്രമേയം അവതരിപ്പിക്കുന്നത്. പലപ്പോഴായി ഡിമാന്റ് ചർച്ചകളിലും ശ്രദ്ധക്ഷണിക്കലിന്റെ സ്വഭാവത്തിലും ഈ വിഷയം ഈ സഭയുടെ തലങ്ങളിൽ പലവട്ടം അവതരിപ്പിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. പക്ഷേ, ഇതിനൊന്നും ഒരു പരിഹാരം കണ്ടെത്താൻ നമുക്ക് കഴിയുന്നില്ല. കായലുകൾ ഇടകലർന്ന ഒരു പ്രദേശമാണ് കൊച്ചി. കൊച്ചിയുടെ കിഴക്കുഭാഗത്തെ മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്ന ധാരാളം അരുവികൾ ഈ കായലുകളിൽ ഒഴുകിയെത്തുന്നു. പടിഞ്ഞാറ് ഭാഗത്ത് നിരപ്പായ 115 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 52 ഡ്രെയിനേജ് യൂണിറ്റുകളും 46 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ദ്വീപുകളുമാണുള്ളത്. 76 ചതുരശ്രകിലോ മീറ്റർ വിസ്തീർണ്ണമുള്ള കായലും ഈ പ്രദേശത്ത് ഉൾപ്പെടും. കിഴക്കൻ മലകളിൽ നിന്നും 21 നദീതട പ്രദേശങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്നു. മുല്ലശ്ശേരി കനാൽ, തേവര കനാൽ, പേരണ്ടൂർ കനാൽ, കാരണക്കോടംത്തോട്, കോയിത്തറത്തോട്, ഇടപ്പള്ളിത്തോട്, കുന്നിപ്പുഴ, ചങ്ങാടംത്തോട്, കാരിത്തോട്, പുഞ്ചത്തോട്, എന്നിവ ഈ മേഖലയുമായി ബന്ധപ്പെട്ടുകിടക്കുകയാണ്. ഇതെല്ലാം വേലിയേറ്റ സ്വാധീന

മുള്ള കനാൽ ശൃംഖലകളാണ്. കാര്യക്ഷമമായ ഖരമാലിന്യനിർമ്മാർജ്ജന സംവിധാനത്തിന്റെയും സ്വീവേജ് സിസ്റ്റത്തിന്റെയും അഭാവംമൂലം വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള പാഴ്ജലം ഈ കനാലിൽ എത്തിച്ചേരുന്നു. വേലിയേറ്റംമൂലമുള്ള സ്ലഡ്ജും ഈ കനാലുകളിൽ നിക്ഷേപിക്കപ്പെടുന്നു. അതുകൊണ്ട് ഇവിടെ ജലാശയങ്ങൾക്ക് വേണ്ടത്ര ഒഴുക്കില്ല. ജലാശയങ്ങൾ മലിനപ്പെടുന്നതുകൊണ്ട് ഇന്ന് പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നു. കൊതുക് ശല്യം വർദ്ധിപ്പിക്കുന്നു. അതുകൊണ്ട് കൊച്ചി പട്ടണത്തിലും പരിസര പ്രദേശങ്ങളിലും മലിനജല പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഇന്ന് ജീവിക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് മാറികൊണ്ടിരിക്കുകയാണ്. കനാൽ ശൃംഖലയിലെ ഈ അവസ്ഥക്ക് മാറ്റം വരുത്തുവാൻ കനാലിന് പാർശ്വഭിത്തികൾ കെട്ടണം. കനാലിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി നീക്കം ചെയ്യണം. ഒഴുക്ക് കൃത്യമായി സൃഷ്ടിക്കണം, കനാലിൽ ഖരദ്രവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കർശനമായി നിരോധിക്കണം. ജലഗുണ നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുന്ന ഒഴുക്ക് സൃഷ്ടിക്കാനും അതുപോലെ അടിത്തട്ട് ഇളക്കാനും ഉതകുന്ന വിധത്തിൽ കനാലിൽ ഉടനീളം ഇടവിട്ടിടവിട്ട് സ്റ്റാന്റ് ബൈ മോട്ടോറുള്ള മെക്കാനിക്കൽ സംവിധാനത്തോടു കൂടിയുള്ള പ്ലാറ്റ്ഫോമുകൾ സ്ഥാപിക്കണം. ഈ നടപടികൾ ജലനിലവാരം മെച്ചപ്പെടുത്തുന്നതിനും ഡെങ്കി, ചിക്കുൻഗുനിയ, മലേറിയ തുടങ്ങിയ അസുഖങ്ങൾ വരാതിരിക്കാനും സഹായിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ കൊച്ചിയുടെ ജലം മലിനപ്പെടുത്തുന്നത് തടയുന്നതിന് ഏറ്റവും പ്രധാനമായി വേണ്ടത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റാണ്. കൊച്ചി നഗരത്തിലെ സ്വീവേജ് സംസ്ക്കരണത്തിന്റെ അഭാവം വളരെ

രൂക്ഷമാണ്. 15 ലക്ഷത്തിലധികം ജനവാസമുള്ള ഈ പ്രദേശത്ത് വെറും അമ്പതിനായിരം ആളുകൾക്കുമാത്രമേ ഇന്ന് സ്വീവേജ് പ്രവർത്തനങ്ങൾ നില നിൽക്കുന്നുള്ളു. കൊച്ചി പട്ടണത്തിന്റെ വിശാല കൊച്ചി പ്രദേശത്തിന്റെ പത്തിലൊന്ന് പ്രദേശത്തുപോലും വേണ്ടത്ര സ്വീവേജ് പ്രവർത്തനങ്ങൾ നടക്കുന്നില്ല. സ്വീവേജ് സ്ഥാപിക്കുന്നതിനുവേണ്ടി മുണ്ടംവേലിയിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ട്. മനുഷ്യ വിസർജ്ജ്യത്തിൽ നിന്നും കോളിഫോം ബാക്റ്റീരിയ ഉണ്ടാകുന്നു. ഇന്ന് കുടിക്കുന്ന വെള്ളത്തിൽ ഒരംശം പോലും കോളിഫോം ബാക്ടീരിയ പാടില്ല എന്നുള്ളതാണ്. പക്ഷേ, കൊച്ചിയിലെ കിണറുകൾ പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് 2500-ഓളം കോളിഫോം ബാക്ടീരിയ ഉള്ള വെള്ളമാണ് അവിടെ കിട്ടുന്നത്. ഈ കോളിഫോം ബാക്ടീരിയ മറ്റു ചില മാരകമായ അസുഖങ്ങൾക്കും ഇന്ന് ഇടവരുത്തുന്നു എന്നുള്ളതാണ് സത്യം. അതുകൊണ്ട് കൊച്ചിയിലെ വെള്ളം കുടിക്കാൻ പറ്റാത്ത രീതിയിൽ മാറിക്കൊണ്ടിരിക്കുകയാണ്. അവിടെ സെപ്റ്റിക് ടാങ്കുകളുണ്ടെങ്കിലും വേണ്ടത്ര സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനം ഇല്ലെന്നുള്ളതാണ് വാസ്തവം. സെപ്റ്റേജ് ക്ലീനിംഗ് നടക്കുന്നുണ്ട്. ഒരു ദിവസം കൊച്ചിയിൽ നൂറോളം ടാങ്കറുകളിലാണ് സെപ്റ്റിക് ടാങ്കിലെ മനുഷ്യ വിസർജ്ജ്യം ക്ലീൻ ചെയ്തു കൊണ്ടുപോകുന്നത്. നൂറോളം ടാങ്കുകളിൽ കൊണ്ടുപോകുന്ന മുഴുവൻ വിസ്സർജ്ജ്യവസ്തുക്കളും അവിടെയുള്ള ഏതെങ്കിലും ജലാശയങ്ങളിൽ കൊണ്ടുചെന്ന് ഒഴുക്കുന്ന അതിഭീകരമായ അവസ്ഥയാണ് കൊച്ചിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുപോലെ ഹോട്ടലുകളിൽ നിന്നുവരുന്ന മാലിന്യങ്ങളും നേരത്തെ സൂചിപ്പിച്ച തോടുകളിലേക്കാണ് ഒഴുക്കുന്നത്. അതിന് ഹോട്ടൽ

സമുച്ചയത്തിന് പ്രത്യേകമായ ഒരു വേസ്റ്റ് മാനേജുമെന്റ് സംവിധാനമില്ല. കൊച്ചിയിൽ ജലമലിനീകരണവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇന്നുവരെ ഇത് നടപ്പാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് നേരത്തെ ഞാൻ സൂചിപ്പിച്ച ഈ തോടുകൾ വൃത്തിയാക്കുന്നതിനു വേണ്ടി അടിയന്തരമായി പണം അനുവദിക്കണം. കൊച്ചിയിൽ വേണ്ടത്ര ക്ലീനിംഗ് പരിപാടി നടക്കാത്തതുകൊണ്ടും മാലിന്യസംസ്ക്കരണം നടക്കാത്തതുകൊണ്ടും ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് അവിടെയുള്ള ജനങ്ങളാണ്. അവർ ഉപയോഗിക്കുന്ന വെള്ളത്തിലേക്കാണ് ഇതിന്റെ മാലിന്യങ്ങൾ മുഴുവനും ഒഴുകിച്ചേരുന്നത്. ബ്രഹ്മപുരത്ത് ഒരു പ്ലാന്റ് നിർമ്മിക്കുന്നതിനുവേണ്ടി തീരുമാനിച്ചു. ഇന്നുവരെ അതിന്റെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ഇന്ന് ബ്രഹ്മപുരം പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിക്കാത്തതുമൂലം തൊട്ടടുത്തുള്ള കായൽ പ്രദേശങ്ങളിലേയ്ക്കും തോടുകളിലേയ്ക്കും അവിടെ നിന്നും ഒലിച്ചൊഴുകുന്ന മാലിന്യങ്ങൾ കുടിവെള്ളം ലഭിക്കുന്നതിനു പോലും ബുദ്ധിമുട്ട് ഉണ്ടാക്കിയിരിക്കുന്നു. തൊട്ടടുത്താണ് രാജഗിരി സ്കൂൾ ഉള്ളത്. ശ്രീ. ഹൈബി ഈഡനും, ശ്രീ. ഡൊമിനിക് പ്രസന്റേഷനും, ശ്രീ. കെ ബാബുവിനും ഈ സ്കൂളിനെക്കുറിച്ചറിയാവുന്നതാണ്. രാജഗിരി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പലപ്പോഴും അസുഖം ബാധിക്കുകയാണ്. ഈ സ്കൂളിലെ പ്രശ്നങ്ങൾ ഭീകരമായിക്കൊണ്ടിരിക്കുകയാണ്. ഈ സ്കൂളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പല പ്രാവശ്യം ഞങ്ങൾ യോഗം കൂടിയിട്ടും ഒന്നും തീരുമാനിക്കാൻ സാധിച്ചില്ല. അതുകൊണ്ട് കൊച്ചി ഇന്ന് മാലിന്യജലത്തിന്റെ ഒരു നാടായി മാറിയിരിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അടിയന്തരമായി രണ്ടുമൂന്ന് വകുപ്പുകൾ ഒന്നിച്ച് സഹകരിക്കണം. കേരള വാട്ടർ അതോറിറ്റിയിൽ സ്വീവേജ് സെക്ടറിന്

പ്രത്യേക ഡിവിഷനുണ്ടാകണം. അതുപോലെ ജലവിതരണ വകുപ്പും ശ്രീ. മഞ്ഞളാംകുഴി അലിയുടെ വകുപ്പും കൂടി ഒരു കോ-ഓർഡിനേഷൻ നടത്തി മോണിറ്ററിംഗ് നടത്തിയാൽ മാത്രമേ കൊച്ചിയുടെ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളു. കേരളത്തിലെ, ദക്ഷിണേൻഡ്യയിൽതന്നെ ഏറ്റവും വികസിച്ചുവരുന്ന ഒരു പട്ടണത്തിൽ ഇന്ന് കാണുന്ന ഈ ജലം മലിനപ്പെട്ടുകൊണ്ടിരിക്കുന്നു. അതുമൂലമുണ്ടാകുന്ന രോഗങ്ങളും സാമൂഹ്യ വിപത്തുകളും കൊച്ചിയിലെ ജനങ്ങളുടെ ജീവിതം ദുസ്സഹമായിരിക്കുന്ന ഈ പശ്ചാത്തലത്തിൽ ഇത് പരിഹരിക്കുന്നതിനുവേണ്ടിയിട്ടുള്ള അടിയന്തര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്):</u> സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ശ്രീ. ബെന്നി ബെഹനാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. കൊച്ചി കോർപ്പറേഷന്റെ കീഴിലുള്ള അഞ്ച് ഡിവിഷനുകളിൽ, നഗരത്തിന്റെ ഹൃദയഭാഗത്തുള്ള രണ്ടര കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തും കടവന്ത്ര, ഗാന്ധിനഗറിൽ ഒന്നര കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശവുമുൾപ്പെടെ ആകെ 4 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളിൽ മാത്രമാണ് കേരള വാട്ടർ അതോറിറ്റിയുടെ സ്വീവേജ് സംവിധാനം നിലവിലുള്ളത്. സ്വീവേജ് മാലിന്യങ്ങൾ ഇളങ്കുളത്തുള്ള നാലര എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലാണ് സംസ്ക്കരിക്കുന്നത്. കൊച്ചി കോർപ്പറേഷന്റെ മറ്റ് ഡിവിഷനുകളിലും സമീപ പഞ്ചായത്തുകളിലും ഇപ്പോൾ സ്വീവേജ് സംവിധാനം നിലവിലില്ല. എന്നാൽ കൊച്ചി കോർപ്പറേഷനിലും

പരിസര പ്രദേശങ്ങളിലുമുള്ള 5 മുനിസിപ്പാലിറ്റികളിലും 9 ഗ്രാമപഞ്ചായത്തുകളിലുമുണ്ടാകുന്ന നഗര-ഖരമാലിന്യം കൊച്ചി നഗരസഭയുടെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥിതിചെയ്യുന്ന ബ്രഹ്മപുരത്ത് എത്തിച്ച് പ്രതിദിനം 300 ടൺ മാലിന്യം സംസ്ക്കരിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ നടപ്പിലാക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ജലമലിനീകരണ പ്രശ്നം പരിഹരിക്കുന്നതിനായി സെപ്റ്റിക് ടാങ്കുകളിൽ നിന്നും നീക്കം ചെയ്യുന്ന സെപ്റ്റേജ് സംസ്ക്കരിക്കാനുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എറണാകുളത്ത് ബ്രഹ്മപുരത്ത് സ്ഥാപിക്കാനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്. കൊച്ചി നഗരസഭയ്ക്കുവേണ്ടി കെ.എസ്.യു.ഡി.പി. ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. ഇതിനുള്ള സാങ്കേതിക-സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശുചിത്വ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജലമലിനീകരണം നിയന്ത്രിക്കുന്നതിന് ലക്ഷ്യമിട്ട് കൊച്ചി നഗരത്തിൽ സ്വീവേജ് സംവിധാനവും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടി കെ.എസ്.യു.ഡി.പി. വഴി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മേൽപ്പറഞ്ഞ നടപടികൾ കൂടാതെ കൊച്ചി നഗരത്തിലും തൊട്ടടുത്ത മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലുമുള്ള വീടുകളിലും സ്ഥാപനങ്ങളിലുമുണ്ടാകുന്ന ഖരമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്ക്കരിച്ച് ജൈവവളവും ബയോഗ്യാസും ഉണ്ടാക്കുന്ന പദ്ധതിക്ക് സാമ്പത്തിക-സാങ്കേതിക സഹായം ശുചിത്വ മിഷൻ വഴി ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകിവരുന്നു. കൂടാതെ പൊതുസ്ഥലങ്ങളിലെ ഒഴിഞ്ഞ പമ്പുകളിലും പറമ്പുകളിലും ജലാശയങ്ങളിലും അടിഞ്ഞുകൂടിയിട്ടുള്ള ഖരമാലിന്യങ്ങൾ നീക്കം ചെയ്യാനും കൊതുകു

നിവാരണ പ്രവർത്തനങ്ങൾക്ക് ലക്ഷ്യമിട്ടുള്ള മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് വാർഡ് ഒന്നിന് 10,000 രൂപ എന്ന നിരക്കിൽ ശുചിത്വ മിഷൻ വഴി തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിവരുന്നു. ഇതിൽ ജലാശയ ങ്ങളിലും ഒഴിഞ്ഞ പറമ്പുകളിലുംമറ്റും കൂടിക്കിടക്കുന്ന ഖരമാലിന്യം നീക്കം ചെയ്ത് പരിസര ശുചിത്വം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. കെ.എസ്.യു.ഡി.പി. വഴിയുള്ള പ്രോഗ്രാമുകൾ ത്വരിതഗതിയിൽ നടപ്പാക്കേണ്ടതുണ്ട്. അങ്ങ് നിർദ്ദേശിച്ചതുപോലെ മുഖ്യമന്ത്രി ഒരു കോൺഫറൻസ് വിളിക്കട്ടെ. അതിൽ ഞങ്ങളെല്ലാവരും പങ്കെ ടുത്തുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. ബെന്നി ബെഹനാൻ: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച ചില നടപടിക്രമങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇതൊന്നും വേണ്ടത്ര കാര്യക്ഷമ മായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. 'മിഷൻ 676'-ൽ ഉൾപ്പെടുത്തി കൊച്ചിയുടെ പരിസര പ്രദേശത്തുള്ള കനാലുകൾ നന്നാക്കുന്നതിനും അവിടത്തെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുന്നതിനു വേണ്ടി ഒരു യോഗം വിളിച്ചുകൂട്ടാനും അതുസംബന്ധിച്ചുള്ള തീരുമാനമെടു ക്കാനും കഴിയുമോ എന്നുള്ളത് വിശദീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അതാത് ഡിപ്പാർട്ടുമെന്റുകളിലെ മന്ത്രിമാരുടെ നേതൃത്വത്തിലാണ് ഇതുപോലുള്ള പ്രവർത്തനപരിപാടികൾ നടത്തുന്നത്. ശ്രീ. പി.ജെ. ജോസഫ് ഇവിടെ വിശദമായ മറുപടി പറഞ്ഞു. കൊച്ചി നഗരത്തിന്റെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുക

എന്നുള്ളത് ഗവൺമെന്റിന്റെ മുൻഗണനയിലുള്ള സംഗതിയാണ്. ബഹുമാനപ്പെട്ട മെമ്പർ ബെന്നി ബെഹനാൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ, നിശ്ചയമായും സമയബന്ധിതമായി ആ പരിപാടി ഏറ്റെടുത്ത് നടത്തുന്നതാണ്.

## സി.ആർ.ഇസഡ്. പ്രകാരമുള്ള നിയന്ത്രണങ്ങൾ പിൻവലിക്കൽ

ശ്രീ. എസ്. ശർമ്മ: സർ, മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗതമായ മത്സ്യബന്ധന അവകാശങ്ങൾ നിഷേധിക്കുന്നതും തീരദേശവാസികൾക്ക് പൊതുവെ വിലങ്ങ് പ്രഖ്യാപിക്കുന്നതുമായ സി.ആർ.ഇസഡ്. വിജ്ഞാപന പ്രകാരമുള്ള നിയന്ത്രണങ്ങൾ പിൻവലിക്കേണ്ടതിന്റേയും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടി ഒരു കോസ്റ്റൽ മാനേജുമെന്റ് പ്ലാൻ തയ്യാറാക്കേണ്ടതിന്റേയും തീരദേശത്തെ ജനങ്ങളുടെ ജീവിതത്തെ അടിസ്ഥാനമാക്കി ഒരു തീരദേശ പാക്കേജ് നടപ്പാക്കേണ്ടതിന്റേയും ആവശ്യകതയിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും സഭയുടേയും ശ്രദ്ധ ക്ഷണിക്കുകയാണ്. സി.ആർ.ഇസഡ്. നിയമം നമ്മൾ ഇപ്പോൾ ചർച്ച ചെയ്തതല്ല. ഈ സഭാസമ്മേളനത്തിലും കഴിഞ്ഞ സഭാസമ്മേളനത്തിലുമെല്ലാം വിശദമായിട്ട് ചില പ്രശ്നങ്ങൾ നമ്മൾ ഗൗരവത്തോടെ ചർച്ചയ്ക്ക് വിധേയമാക്കി. ആ ചർച്ചയ്ക്ക് വിധേയമാക്കിയ സന്ദർഭത്തിൽ രണ്ടുഘട്ടത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞ ഒരു കാര്യം അടിസ്ഥാനരഹിതമായിരുന്നു എന്ന് വളരെ വിനയപൂർവ്വം ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. സി.ആർ.ഇസഡ്.-ന്റെ റീ-ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ വന്ന ഉടനെതന്നെ 18-05-2010-നും 06-11-2010-നും എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽവച്ച് ഫിഷറീസ് മേഖലയിലെ

പ്രതിനിധികളുടെ യോഗം ചേരുകയും അവിടെ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്ത് സെൻട്രൽ ഗവൺമെന്റിന്റെ പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പിൽ റീ-ഡ്രാഫ്റ്റ് നോട്ടിഫിക്കേഷനിൽ ഭേദഗതി നിർദ്ദേശിച്ചുകൊണ്ടുള്ള അഭിപ്രായങ്ങൾ രേഖാമൂലം അറിയിക്കുകയും ചെയ്തിരുന്നു. ശ്രീ. ജയറാം രമേഷിനുതന്നെയാണ് എഴുതിയത്. അതുകൂടാതെ ബഹുമാനപ്പെട്ട മുഖ്യ മന്ത്രിക്ക് വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാൻതന്നെ അദ്ദേഹത്തിന് കത്ത് കൊടുക്കുകയും ആ കത്തിന്മേൽ 16–**11–2010–**ൽ മുഖ്യമന്ത്രി 'ഫിഷറീസ് മിനിസ്റ്ററുടെ അഭിപ്രായം കൂടിച്ചേർത്ത് മന്ത്രിസഭയിൽ സമർപ്പിക്കുക' എന്നെഴുതിയതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പുമന്ത്രിയുടെ അഭി പ്രായംകൂടി രേഖപ്പെടുത്തിയതിനുശേഷം നിയമ വകുപ്പിൽ പോയതായിട്ടും ഫയലിൽ എഴുതിയിട്ടുണ്ട്. നിയമ വകുപ്പിന്റെ അഭിപ്രായംകൂടി രേഖപ്പെടു ത്തിയതിനുശേഷം **29–12–2010-**ൽ **5381–**ാം നമ്പർ അജണ്ടയായി മന്ത്രിസഭ യിൽ വച്ചു. ഇതിലുണ്ടായിരുന്ന അഞ്ചുകാര്യങ്ങൾ മന്ത്രിസഭ അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 31–12–2010–ൽ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 430/എ2/2010/സയൻസ് ആന്റ് ടെക്നോളജി എന്ന ഫയലിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്, പരിസ്ഥിതി സെക്രട്ടറിക്ക് നേരിട്ട് കത്ത് കൊടുക്കുകയും ചെയ്തു. രണ്ട് ഘട്ടങ്ങളിലായാണ് ഈ വിവരം അറിയിച്ചിരിക്കുന്നത്. ഈ കത്ത് കൊടുത്തതിനുശേഷം 06–01–2011 –ൽ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ വന്നു. ആ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ വന്നതിനുശേഷം നമ്മുടെ മുമ്പിൽ ഫയൽ വന്നു. അന്നത്തെയും ഇന്ന ത്തേയും ഫിഷറീസ് സെക്രട്ടറി ശ്രീ. കെ. ആർ ജ്യോതിലാൽ തന്നെയാണ്. നമ്മൾ കൊടുത്ത റിമാർക്സുകൾ ഫൈനൽ നോട്ടിഫിക്കേഷനിൽ ഉൾപ്പെടു

ത്തിയിട്ടുണ്ടോ എന്നുചോദിച്ചപ്പോൾ വേണ്ടത്ര ശ്രദ്ധയും പരിഗണനയും ഉണ്ടായിട്ടുണ്ടെന്ന് 01-02-2011-ൽ ഫിഷറീസ് സെക്രട്ടറി രേഖപ്പെടുത്തി ഫയൽ സബ്മിറ്റ് ചെയ്യുകയും ചെയ്തു. അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് ഇക്കാര്യം ഗൗരവതരമായി കണ്ട് പരിശോധിച്ച് കോൺഫറൻസ് വിളിച്ചതും അതിന്റെ എല്ലാ രേഖകളും ഗവൺമെന്റിന്റെയും ഫിഷറീസ് വകുപ്പിന്റേയും സയൻസ് ആന്റ് ടെക്നോളജിയുടേയും ഭാഗമായിട്ടുള്ള ഈ ഫയലിൽ മേയ് മാസത്തിൽ തയ്യാറാക്കിക്കൊടുത്ത ദേഗഗതികളുടെ ഡ്രാഫ്റ്റ് കോപ്പിവരെ കാണാൻ കഴിയും. ഇക്കാര്യം മന്ത്രിസഭ ചർച്ച ചെയ്തതും നേരിട്ട് കൊണ്ടു പോയി കൊടുത്തിട്ടുള്ളതുമായ കാര്യങ്ങളാണ് പിന്നീടുണ്ടായത്. ഇപ്പോൾ അടിസ്ഥാനപരമായ പ്രശ്നം അതിനെത്തുടർന്ന് ചില ഭേദഗതികൾ വരുത്തിയതാണ്.

നാല് സി.ആർ.ഇസഡ്. നാല് സോണുകളിലായി വീടു വയ്ക്കുന്നതിന്, 50 മീറ്ററിനുള്ളിൽ എന്ന് പറഞ്ഞിരുന്ന ഭേദഗതി അവർ എഗ്രി ചെയ്തില്ല. സി.ആർ.ഇസഡ്. മൂന്നിൽ വരുന്ന 200 മീറ്ററിനുള്ളിൽ എന്നുള്ള സ്ഥാനത്ത് 50 മീറ്റർ എന്നാക്കി ചുരുക്കിയ ഭേദഗതിയാണ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചത്. ഇവിടെ സഭയിൽ ചർച്ച ചെയ്തുകഴിഞ്ഞപ്പോൾ, ആ ചർച്ച യുടെ അടിസ്ഥാനത്തിൽ ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ സബ്മിഷനും കൂടി ബേസ് ചെയ്ത് ചില നിലപാടുകൾ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. സയൻസ് ആന്റ് ടെക്നോളജി ഇറക്കിയ സർക്കുലറും പഞ്ചായത്ത് വകുപ്പ് ഇറക്കിയ സർക്കുലറും പിൻവലിക്കുന്നുവെന്ന് പറഞ്ഞു.

അതിന്റെയടിസ്ഥാനത്തിൽ ആ സർക്കുലർ ഇൻ കോർപ്പറേറ്റ് ചെയ്യുന്നു എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞത്. ഇപ്പോൾ എന്താണെന്ന് വച്ചാൽ, അവിടെ പ്രാദേശികമായി ഏതെങ്കിലും തരത്തിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പഞ്ചായത്ത് വകുപ്പിൽ അനുമതി കൊടുക്കുന്നില്ല. സർക്കുലർ പിൻവലിച്ചുവെങ്കിലും ഫലത്തിൽ പിൻവലിക്കാ ത്തതിന്റെ പ്രയാസകരമായ സ്ഥിതി വിശേഷമാണ് തുടരുന്നത്. സി.ആർ.ഇസഡ്. നിയമം കടലിന്റേയും തീരത്തിന്റേയും അവകാശികൾ മത്സ്യത്തൊഴിലാളികളാണെന്നുള്ള കാര്യം അംഗീകരിക്കുന്നില്ല. ഭരണഘടനാ ആർട്ടിക്കിൾ 246 ഏഴാം ഷെഡ്യൂൾ പ്രകാരം ഫിഷറീസ് ഒരു സംസ്ഥാന വിഷയമാണ്. തീരദേശ മേഖലയിലെ 12 നോട്ടിക്കൽ മൈൽ ഏരിയ ഏകദേശം 22 കിലോമീറ്റർ കടൽ സംസ്ഥാനത്തിന്റെ അധികാരപരിധി യിലാണ്. ഈ മേഖലയാണ് സി.ആർ.ഇസഡ്. എന്ന പേരിൽ ഉൾപ്പെടുത്തിയി ട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ അധികാരത്തിന്റെ മുകളിലുള്ള കടന്നു കയറ്റമാണ് ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് നടത്തിയിട്ടുള്ളത്. 1986-ലെ പരിസ്ഥിതി സംരക്ഷണ നിമയം നടപ്പാക്കുന്നത് ഭരണഘടനാ ആർട്ടിക്കിൾ 21-ൽ വിഭാവനം ചെയ്യുന്ന - ജീവിക്കാനുള്ള അവകാശം സംരക്ഷിച്ചു കൊണ്ടായിരിക്കണമെന്ന് 2004-ലെ എൻ. വി. ദയാൽ v/s യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസ്സിൽ സുപ്രീം കോടതി ഉത്തരവിട്ടതാണ്. പരിസ്ഥിതി സംരക്ഷണത്തിന്റെയും കോസ്റ്റൽ ഏരിയ പ്രൊട്ടക്ഷനുവേണ്ടി നിയമം നിർമ്മി ക്കാൻ കേന്ദ്രത്തിന് അവകാശമുണ്ടെങ്കിലും ഭരണഘടന ലംഘിക്കാനുള്ള അവകാശം ആർക്കുമില്ല. ഇവിടെ ഭരണഘടനയുടെ ലംഘനമാണ് ഈ

നിയമത്തിലൂടെ നിർദ്ദേശിക്കപ്പെടുന്നത്. ലോക പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ ഡോ. അമർത്യാസിംഗ് പറഞ്ഞത് സ്വാതന്ത്ര്യം മനുഷ്യന് അർത്ഥപൂർണ്ണമാകണമെങ്കിൽ വികസനം മനുഷ്യനിലേക്ക് ചെല്ലണം. കേരളത്തിന്റെ തീരപ്രദേശങ്ങളിലേക്ക് വികസനം എത്തിനോക്കാത്തതിന്റെ ഫലമായി സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വാസിക്കാൻ കഴിയാത്ത വിധത്തിൽ തീരദേശവാസികൾ ദുരിതമനുഭവിക്കുന്നു എന്ന സ്ഥിതിവിശേഷമാണ് പരസ്യമായ ഒരു ഓപ്പൺ ജയിലിലേക്ക് ഈ നാടിനേയും തീരദേശത്തേയും വിടുന്നത്. ഇന്ന് തീരപ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ഒരു കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ സംസ്ഥാന ഗവൺമെന്റ് മുൻകൈയ്യെടുത്ത് നടപ്പാക്കണം. തീരദേശത്ത് ഒരു പ്രത്യേക പാക്കേജിനുവേണ്ടി എൻ.ഐ.ആർ.ഡി.ബി. തയ്യാറാക്കിയിട്ടുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു പ്രോജക്ട് തയ്യാറാക്കിയിരുന്നു. ആ പ്രോജക്ടിന്റെ ഡീറ്റയിൽസ് എല്ലാംതന്നെ ഗവൺമെന്റിന്റേ കയ്യിലുണ്ട്. തീരപ്രദേശത്ത് ഒരു പാക്കേജ് ഉണ്ടാകണം. പുഴക്കാട് കടപ്പുറത്ത് കഴിഞ്ഞ ഒരു മാസമായി തീരദേശത്തെ മത്സ്യത്തൊഴിലാളികൾ സമരത്തിലാണ്. മുമ്പിൽ കായൽ, പുറകിൽ വയൽ അതാണ് കുട്ടനാട്. ഒരു ഇഷ്ടിക എടുത്തു വയ്ക്കാൻ പോലും പറ്റാത്ത സ്ഥിതിവിശേഷമുണ്ട്. ഈ സ്ഥിതിഗതികൾ കണക്കിലെടുത്തുകൊണ്ട് ഈ നിയമസഭ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കാനും കേന്ദ്രഗവൺമെന്റിന് സമർപ്പിക്കാനും ഒരു കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ അംഗീകരിക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നും തീരദേശ പാക്കേജ് എല്ലാവരുമായി ചർച്ച ചെയ്ത് അംഗീകരിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശർമ്മ ഞാൻ നേരത്തെ പറഞ്ഞ കാര്യം തെറ്റാണെന്ന് പറയാൻ വേണ്ടി കുറേ ഡേറ്റുകളൊക്കെ പറഞ്ഞു. ആ ഡേറ്റുകളെല്ലാം ശരിയാണ്. ബഹുമാനപ്പെട്ട മെമ്പർ, ഈ പറഞ്ഞ ഡേറ്റിന് മുമ്പ് ഒരു ഡേറ്റ് ഉണ്ടായിരുന്നു. തീരദേശ പരിപാലന സ്കീം സംബന്ധിച്ച്, സി.ആർ.ഇസഡ്. സംബന്ധിച്ച് സംസ്ഥാന ങ്ങളുടെ അഭിപ്രായം അറിയിക്കേണ്ട അവസാനത്തെ ഡേറ്റാണ് നവംബർ 15, 2010. ആ സമയത്ത് നിങ്ങൾ കേന്ദ്രത്തിന് കത്ത് അയച്ചില്ല. ഈ വിഷയം ക്യാബിനറ്റിന്റെ പരിഗണനയിലായിരുന്നു. പലവട്ടം ക്യാബിനറ്റ് മാറ്റിവച്ചു. അവസാനം ക്യാബിനറ്റ് പാസ്സാക്കിയത് 29-12-2010 ആണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഡേറ്റ് ശരിയാണ്. ഇവിടെ നിന്ന് കത്ത് അയച്ചത് 3-12-2010 ആണ്. ബഹുമാനപ്പെട്ട ശർമ്മ ഫൈനൽ നോട്ടിഫിക്കേഷനും പറഞ്ഞു,

06-01-2011 ആണ്. ഇവിടെ നിന്ന് അയച്ചത് അവിടെ പരിഗണിക്കാൻ പോലും സാധിച്ചില്ല എന്നുമാത്രമാണ് ഞാൻ പറഞ്ഞത്. കേന്ദ്രത്തിനു സമർപ്പിക്കേണ്ട ഡേറ്റ് നവംബർ 15 ആണ്.

ശ്രീ. എസ്. ശർമ്മ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം ക്യാബിനറ്റ് ചർച്ച ചെയ്തതായി കാണുന്നുണ്ട്, തീരുമാനിച്ചതായി കാണുന്നില്ല എന്നാണ് സഭയിൽ പറഞ്ഞത്. അതിൽ നിന്ന് ക്യാബിനറ്റ് തീരുമാനിച്ചതിനെ അംഗീകരിക്കുന്നുണ്ട്. 31–ന് ശ്രീ. ടി.എസ്. നായർ നേരിട്ടു കത്ത് കൊടുക്കുക യാണ് ചെയ്തത്. ശ്രീ. ജയറാം രമേശ്, ശ്രീ. എ.കെ. ആന്റണി, ശ്രീ. ശരത് പവാർ എന്നിവർക്ക് നവംബർ 15–നു മുമ്പ് ഞാൻ നേരിട്ട് കൊണ്ടുപോയി

കത്ത് കൊടുത്ത കാര്യം സഭയിൽ പറഞ്ഞു. അതിന് തയ്യാറാക്കിയ ഡ്രാഫ്റ്റിന്റെ കോപ്പി അങ്ങയുടെ ഫയലിലുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ ഫയൽ എല്ലാം നോക്കിയതിനുശേഷ മാണ് ഞാൻ പറയുന്നത്. നവംബർ 15-ന് സ്റ്റേറ്റിന്റെ അഭിപ്രായം അറിയിക്ക ണമെന്ന് പറഞ്ഞിട്ട് അറിയിച്ചില്ല, ഡിസംബർ 29-ന് ക്യാബിനറ്റ് ആണ് പരിഗണിച്ചത് അത് ഇവിടെ നിന്ന് കത്തു പോയി എന്ന് പറയുന്നത് 31-ാം തീയതിയാണ്. ജനുവരി ആറിന് നോട്ടിഫിക്കേഷൻ വന്നു. അതിനകത്ത് നമ്മുടെ ഒരു കാര്യവും പരിഗണിക്കപ്പെട്ടിട്ടില്ല. ഇക്കര്യത്തിൽ കുറേ കൂടി ജാഗ്രത പുലർത്തേണ്ടതായിരുന്നു.

ശ്രീ. എസ്. ശർമ്മ: ........മൈക്ക് ഓഫ്.........

ശ്രീ. ഉമ്മൻ ചാണ്ടി: നമ്മുടെ നിർദ്ദേശങ്ങൾ അംഗീകരിച്ചതു കൊണ്ടാണോ 50 മീറ്ററിനും 100 മീറ്ററിനും ഉള്ളിൽ ഒന്നും പാടില്ലെന്ന് വന്നത്? ഈ നിർദ്ദേശങ്ങൾ സ്വീകാര്യമല്ല. അത് മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കും. ഞാൻ നേരത്തെ തന്നെ സഭയിൽ പറഞ്ഞു. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും നാളെ വരുമെന്നുള്ള ആശങ്കയാണ് ഗവൺമെന്റിനുള്ളത്. ഇന്ന് ഒരു നിയന്ത്രണവും അതിന്റെ പേരിൽ വന്നിട്ടില്ല. നാളെ നമ്മളെ ബുദ്ധിമുട്ടുണ്ടാക്കും എന്നതിന്റെ പേരിലാണ് അതിശക്തമായ പ്രതിക്ഷേധം നമ്മുടെ സംസ്ഥാനത്ത് ഉയർന്നത്. തീരദേശ പരിപാലനത്തിന്റെ കാര്യത്തിൽ വന്നു കഴിഞ്ഞിരിക്കുന്നു. അവിടത്തെ മത്സ്യത്തൊഴിലാളിക്ക് വീട് റിപ്പയർ ചെയ്യാനുള്ള അനുമതി പോലുമില്ല; ഒരു എക്സ്റ്റൻഷനും പറ്റില്ല; പുതുക്കി പണിയാനും പറ്റില്ല. ഇതിനെയാണ് കഴിഞ്ഞ ദിവസം ശക്തമായി എതിർത്ത് അടിയന്തരമായി

വരുത്തേണ്ട മാറ്റങ്ങൾ കേന്ദ്രത്തിൽ എഴുതി അറിയിച്ചു. അതിന്റെയടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇവിടത്തെ കമ്മിറ്റിയുടെ ശുപാർശ ചോദിച്ചുകൊണ്ട് ഇങ്ങോട്ട് അയച്ചിട്ടുണ്ട്. അത് ഇവിടത്തെ കമ്മിറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ അവിടെ പരിഗണിച്ച് ആവശ്യമായ മാറ്റം വരുത്തുമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. 2011 ജൂൺ മാസത്തിൽ, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ശ്രീ. ജയറാം രമേശുമായി സമഗ്ര തീരദേശ പരിപാലന പദ്ധതിയെക്കുറിച്ച് ഞാൻ സംസാരിക്കുകയും സംസ്ഥാനത്തിന്റെ ഒരു പ്രോജക്ട് അദ്ദേഹത്തിന് കൊടുക്കുകയും ചെയ്തു. അത് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചുകൊണ്ട് വേൾഡ് ബാങ്കിന്റെ സഹായത്തിനു അയച്ചുകൊടുത്തു. ഔദ്യോഗികമായ കമ്മ്യൂണിക്കേഷൻ വന്നിട്ടില്ലെങ്കിലും കഴിഞ്ഞ ഗവൺമെന്റ് നമ്മളെ അറിയിച്ചിരുന്നു. ആ പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. 500 കോടി രൂപയുടെ പ്രോജക്ട് ആണ് വേൾഡ് ബാങ്ക് സമഗ്രതീരദേശ പരിപാലന പദ്ധതിക്കുവേണ്ടി അംഗീകരിച്ചിട്ടുള്ളത്. അത് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പംതന്നെ സി.ആർ. ഇസഡ്.-ൽ പറഞ്ഞിട്ടുള്ള മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി ശക്തമായ നിലപാട് എടുത്ത് മുമ്പോട്ട് പോകും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശത്തോട് ഈ ഗവൺമെന്റിന് യാതൊരു അഭിപ്രായവ്യത്യാസമില്ല. കാരണം കേരളത്തിലെ മുഴുവൻ ആളുകളും ഇതിനോട് യോജിക്കുകയാണ്. നമ്മൾ ആരും പരിസ്ഥിതി സംരക്ഷണത്തിന് എതിരല്ല. പക്ഷേ പരിസ്ഥിതി സംരക്ഷണം ജനങ്ങളെകൂടി അംഗീകരിച്ചുകൊണ്ടുള്ള, അവരുടെ ജീവിത പ്രശ്നങ്ങൾ കൂടി കണ്ടുകൊണ്ടുള്ള ഒരു സംരക്ഷണമാണ് വേണ്ടത്. അക്കാര്യത്തിൽ നമുക്ക് യോജിച്ച് പ്രവർത്തിക്കാം. നമ്മുടെ സ്റ്റേറ്റിന്റെ ശബ്ദം

ഒന്നായി തന്നെ നിലനിർത്തികൊണ്ട് മുമ്പോട്ടു പോകാം എന്നു പറയുകയാണ്.

ശ്രീ. എസ്. ശർമ്മ: സർ, ഭരണഘടനാ ആർട്ടിക്കിൾ 246 അനുസരിച്ച് അന്ന് ഇക്കാര്യം കത്ത് കൊടുത്ത സന്ദർഭത്തിൽ ആമുഖത്തിൽ തന്നെ പ്രത്യേകിച്ച് എടുത്ത് പറഞ്ഞിട്ടുണ്ട്. പക്ഷേ അതിന്റെ ഒരു ലീഗൽ ഡിസ്ക്കഷനിലേക്ക് ഒന്നും അന്ന് പോയിരുന്നില്ല. 12 നോട്ടിക്കൽ മൈൽ ഏരിയ എന്നുള്ളത് സംസ്ഥാനത്തിന്റെ ജൂറി സെക്ഷനായിട്ടും ഫിഷറീസ് സബ്ജക്ട് സ്റ്റേറ്റ് സബ്ജക്ടായിട്ടും കോൺസ്റ്റിറ്റ്യൂഷന്റെ ആർട്ടിക്കിൾ 246 അനുസരിച്ച് 7-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അങ്ങനെ വരുമ്പോൾ 12 നോട്ടിക്കൽ മൈൽ ഏരിയ ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന സി.ആർ. ഇസഡ്-ന്റെ 4-ൽ ജലമേഖല എന്നുള്ള നിലയിൽ വരും. അത് കോൺസ്റ്റിറ്റ്യൂഷന്റെ ലംഘനമാണ് എന്ന നിലയ്ക്കുള്ള ഒരു ഒപ്പീനിയൻ പറയുകയുണ്ടായി. അതിന്റെ നിയമവശം തേടിയിട്ട് ലീഗലായി ഇക്കാര്യത്തിൽ ചോദ്യം ചെയ്യാനുള്ള സാദ്ധ്യതയെക്കുറിച്ച് ആരായുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതൊരു സാങ്കേതിക പ്രശ്നമാണ്. ഈ ഏരിയയിൽ സംസ്ഥാനത്തിന് പൂർണ്ണമായ അവകാശവും സ്വാതന്ത്ര്യവും ഉണ്ടെന്നത് ശരിയാണ്. ആ അവകാശത്തെ ചോദ്യം ചെയ്യുന്ന വിധത്തിലുള്ള നടപടിയല്ല പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി പറയുന്നത്. ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാനും തീരപ്രദേശത്തിന്റെ സംരക്ഷണം ഉറപ്പുവരുത്താനുംവേണ്ടിയുള്ള പരിസ്ഥിതി സംരക്ഷണം എന്ന നിലയിലാണ് ഈ

നിയന്ത്രണങ്ങൾ പറയുന്നത്. അതുകൊണ്ട് നമുക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ആ അവകാശം നമുക്ക് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള അവസരം ശാശ്വതമാക്കുന്നതിനു വേണ്ടിയുള്ള ഒരു നിർദ്ദേശമെന്ന നിലയിലാണ് അവർ ഈ നിർദ്ദേശങ്ങ ളൊക്കെ തരുന്നത്.

ശ്രീ. എസ്. ശർമ്മ: സർ, CRZ 4 എന്നു പറയുന്നത് 12 നോട്ടിക്കൽ മൈൽ ജലമേഖലയുടെ കണക്ടഡാണ് വേമ്പനാട്ട് കായൽ. അതുംകൂടി ഇതിൽ ഉൾപ്പെടും. അതിലോല മേഖലയായി കണക്കാക്കുന്ന പ്രദേശമായി വരികയാണ്. അവിടെ ഇത് ബാധകമാകുന്നത് CRZ 4 പ്രകാരമാണ്. ........

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതൊന്നും ശ്രദ്ധക്ഷണിക്കലിൽ വരുന്നതല്ല.

ശ്രീ. എസ്. ശർമ്മ: സർ, ലീഗലായി എന്താണ് സാദ്ധ്യതയെന്ന് ആരായു ന്നതിൽ തെറ്റുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് തീർച്ചയായും പരിശോധിക്കാം.